# താലന്ത് പരിശോധന – 2019

നമ്മുടെ വിവിധ കഴിവുകളും സാധ്യതകളും ദൈവം നമുക്ക് നൽകിയിരിക്കുന്ന താലന്തുകളാണല്ലോ. ഈ വരദാനങ്ങളെ നന്ദിയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന അവസരങ്ങളായി താലന്തു പരിശോധനകളെ വിനിയോഗിക്കണം. ഓരോ വകുപ്പിലും പ്രത്യേകമായാണ് താലന്തു പരിശോധന നടക്കുന്നത്.

### കഥാകഥനം

ശിശുവകുപ്പ്, ബാലവകുപ്പ്, കുമാരവകുപ്പ് എന്നീ വിഭാഗങ്ങളിൽ കഥാകഥനം ഉണ്ടായിരിക്കും. കഥ വേദപുസ്തകത്തിൽനിന്നുള്ളതായിരിക്കണം. കഥ പറയുന്നതിന് 5 മിനിറ്റ് സമയം ഉപയോഗിക്കാം. കഥാപ്രസംഗരീതി അനുവദനീയമല്ല.

### പ്രസംഗം

മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ്, യുവവകുപ്പ് എന്നീ വകുപ്പുകൾക്ക് പ്രസംഗം ഉണ്ടായിരിക്കും. പ്രസംഗസമയം 4 മിനിട്ട്. വിഷയം അരമണിക്കൂർ മുമ്പ് വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്. പ്രസംഗസമയത്ത് പ്രസംഗകുറിപ്പുകളോ, പുസ്തകങ്ങളോ ഉപയോഗിക്കുവാൻ പാടില്ല.

### ഉപന്യാസ രചന

മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ്, യുവവകുപ്പ് വിഭാഗങ്ങൾക്ക് ഉപന്യാസ രചന ഉണ്ടായിരിക്കും. 600 വാക്കുകളിൽ കവിയാതെ ഒരുമണിക്കൂർകൊണ്ട് ഉപന്യാസം എഴുതണം. സൺഡേ സ്കൂൾ അദ്ധ്യാപകർക്കായി വകുപ്പ് അടിസ്ഥാനത്തിലല്ലാതെ ഉപന്യാസ രചന നടത്തുന്നതാണ്. അദ്ധ്യാപകരും അദ്ധ്യാപികമാരും വെവ്വേറെ വിഭാഗങ്ങൾ ആയിരിക്കും. ഉപന്യാസം എഴുതുന്നതിന് അരമണിക്കൂർ മുമ്പ് വിഷയം നൽകും. തയ്യാറാകുവാൻ ലഭിക്കുന്ന സമയത്ത് പുസ്തകങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. കുറിപ്പുകൾ തയ്യാറാക്കുവാൻ പ്രത്യേകം പേപ്പർ നൽകുന്നതാണ്. തയ്യാർ സമയംകൂടെ രചനയ്ക്ക് അനുവദിക്കുന്നതല്ല. കുറിപ്പുകൾ രചനാസമയം കൈവശം വയ്ക്കുന്നത് അനുവദനീയമല്ല.

### സംഗീതം

നഴ്സറി മുതൽ യുവവകുപ്പ്‌വരെ എല്ലാവർക്കും പങ്കെടുക്കാം. കുമാരവകുപ്പ്, മദ്ധ്യവകുപ്പ്, ജ്യേഷ്ഠവകുപ്പ്, യുവവകുപ്പ് എന്നീ വകുപ്പുകളിൽ മാത്രം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം നടത്തപ്പെടുന്നതാണ്. സന്ദർശിനിയിൽ കൊടുത്തിരിക്കുന്ന (പേജ് നമ്പർ **28** പൗരസ്ത്യ രീതിയിലും പാശ്ചാത്യരീതിയിലും ഉള്ളത്) ഗാനങ്ങൾ പാടേണ്ടതാണ്. സി.ഡി.യിൽ പാടിയിരിക്കുന്ന രീതിയിൽ ഗാനങ്ങൾ പാടണം.

പാട്ടുകൾ ക്രിസ്തീയ കീർത്തനങ്ങളിൽനിന്നുള്ളവയാണ്. നമ്പർ പുതിയ പതിപ്പിലേതും (2017).

താലന്തു പരിശോധനയിലെ സംഗീത വിഭാഗത്തിലുള്ള ഗാനങ്ങളടങ്ങിയ സിഡി തിരുവല്ലായിലെ DSM & C ഓഫീസിൽനിന്നും സമാജം ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. സി.ഡി. സംബന്ധിച്ച വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പരിൽ ബന്ധപ്പെടുക.

**സമാജം: 0469-2600655**

**DSM & C: 0469-2601081**

## താലന്ത് പരിശോധന

**2020 ജൂൺ 13 ശനിയാഴ്ച,**
**തിരുവല്ല ടൈറ്റസ് II ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ്**